കേരള സർക്കാർ

സംഗ്രഹം

ത സ്വ ഭ വ – കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ 3.4, 3.6, 3.7, 3.8, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 എന്നിവ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.2426/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,06.08.2015

---

പരാമർശം : 1. കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2014 – തിയതിയിലെ എ 2/364/14 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 02.12.2014 – തിയതിയിലെ എം3/45260/14 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 15.06.2015 – തിയതിയിലെ എൽ.എഫ്.1074/പി.റ്റി3/ 15 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംഭാവന ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കാം എന്ന് സർക്കാർ ഉത്തരവ് ഉണ്ടായിരുന്നെങ്കിലും ഇതിന് എത്ര തുക വിനിയോഗിക്കാം ഏത് ഫണ്ട് ഉപയോഗിക്കാം എന്നിവ സംബന്ധിച്ച് വ്യക്തതയില്ലാതിരുന്ന സാഹചര്യത്തിൽ വികസന ഫണ്ടിൽ നിന്നും 1,00,000 രൂപാ ജില്ലാ ആസൂത്രണ സമിതിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ചട്ടങ്ങൾക്കു വിരുദ്ധമായി മുൻകൂർ പിൻവലിച്ച് ചെലവ് ചെയ്തത് തടസ്സപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 23.01.2014 തിയതിയിലെ 8/2014 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിക്ക് സ്വന്തമായി ഒരു കെട്ടിടമുണ്ടാക്കുന്നതിനായി എല്ലാ പഞ്ചായത്തുകളും അവരവരുടെ വിഹിതം നൽകണമെന്ന് വാക്കാലുള്ള നിർദേശമുണ്ടായിരുന്നെന്നും ആയതിനാലാണ് ഇത്തരത്തിൽ തുക ചെലവഴിക്കേണ്ടി വന്നതെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടാത്ത വിദ്യാലയങ്ങൾക്ക് പത്രം

.........2

വിതരണം ചെയ്യതിലൂടെ പഞ്ചായത്തിന് 25000 രൂപാ (ഒരു പത്രത്തിന് 50 രൂപാ നിരക്കിൽ 50 എണ്ണത്തിന്) നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നുവെന്നും വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 23.01.2014 തിയതിയിലെ 8/2014 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ സ്കൂളാണ് എടയന്നൂർ സർക്കാർ സ്കൂളെന്നും 2009-2010 വാർഷിക പദ്ധതിയിൽ പത്രവിതരണം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പദ്ധതിയൊന്നും തയ്യാറാക്കിയിരുന്നില്ലെന്നും പഞ്ചായത്തിലെ മറ്റ് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഈ സ്കൂളിൽ മാത്രം പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് അനുചിതമാണെന്നു കണ്ടതിനാലാണ് മേൽ സ്കൂളിനെക്കൂടി ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയതെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം, പഞ്ചായത്തിന്റെ തനത് ആസ്തിയായ സ്ട്രീറ്റ് ലൈറ്റിന് മെയിന്റനസ് റോഡിതരം ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10800 രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 23.01.2014 തിയതിയിലെ 8/2014 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഒരു ചെറിയ പഞ്ചായത്തായതിനാൽ ലഭ്യമായ വികസന ഫണ്ട് തീരെക്കുറവായതിനാലും തനത് ഫണ്ട് തീരെക്കുറഞ്ഞ പഞ്ചായത്തായതിനാലുമാണ് പഞ്ചായത്തിന്റെ തനത് ആസ്തിയായ സ്ട്രീറ്റ് ലൈറ്റിന് മെയിന്റനസ് റോഡിതരം ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തിയതെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരം, പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ റിപ്പയർ പദ്ധതികളുടെ ടെണ്ടർ നടപടികൾ സുതാര്യമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവായ 1,50,500 രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 23.01.2014 തിയതിയിലെ 8/2014 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിൽ ടെണ്ടർ ഫോറം ആവശ്യത്തിനില്ലാതിരുന്നതിനാൽ ഫോട്ടോകോപ്പി എടുത്ത് ടെണ്ടർ ഫോറത്തിന്റെ വില ഈടാക്കി നൽകുകയായിരുന്നുവെന്നും മൂന്നു പേർക്ക് ടെണ്ടർ ഫോറം വിതരണം ചെയ്തതിൽ രണ്ടു പേർ മാത്രമേ ടെണ്ടർ സമർപ്പിച്ചിരുന്നുള്ളുവെന്നും ആയതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയായിരുന്നുവെന്നും പദ്ധതിയുമായി ബന്ധപ്പെട്ട പണികൾ ഏറ്റെടുത്ത് നടത്തുവാൻ അംഗീകൃത കരാറുകാർ കുറവായിരുന്നതിനാലും വളരെ അടിയന്തിരമായി ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതിനാലുമാണ് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരനെ പണി എൽപ്പിക്കേണ്ടി വന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2010-2011 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം

..........3

ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടാത്ത വിദ്യാലയങ്ങൾക്ക് പത്രം വിതരണം ചെയ്തതിലൂടെ പഞ്ചായത്തിന് 25000 രൂപാ (ഒരു പത്രത്തിന് 50 രൂപാ നിരക്കിൽ 50 എണ്ണത്തിന്) നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നുവെന്നും വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 23.01.2014 തിയതിയിലെ 8/2014 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ സ്കൂളാണ് എടയന്നൂർ സർക്കാർ സ്കൂളെന്നും 2009-2010 വാർഷിക പദ്ധതിയിൽ പത്രവിതരണം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പദ്ധതിയൊന്നും തയ്യാറാക്കിയിരുന്നില്ലെന്നും പഞ്ചായത്തിലെ മറ്റ് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഈ സ്കൂളിൽ മാത്രം പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് അനുചിതമാണെന്നു കണ്ടതിനാലാണ് മേൽ സ്കൂളിനെക്കൂടി ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയതെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മേൽ ഖണ്ഡികകൾക്ക് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ, സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ 2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 ന് സാധൂകരണം നല്കുന്നതിന് ആ വകുപ്പിന് എതിരഭിപ്രായമില്ല എന്നും എന്നാൽ ഖണ്ഡിക 3.4, 3.5, 3.7, 3.10 എന്നിവക്ക് സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരമുള്ള 1,00,000 രൂപ (ഒരു ലക്ഷം രൂപാ മാത്രം) , 3.6 പ്രകാരമുള്ള 25,000 രൂപ (ഇരുപത്തിഅയ്യായിരം രൂപാ മാത്രം), 3.7 പ്രകാരമുള്ള 10,800 രൂപ (പതിനായിരത്തി എണ്ണൂറ് രൂപാ മാത്രം), 3.8 പ്രകാരമുള്ള 1,50,500 രൂപ (ഒരു ലക്ഷത്തി അൻപതിനായിരത്തി അഞ്ഞൂറ് രൂപാ മാത്രം), 2010-2011 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരമുള്ള 25,000 രൂപ (ഇരുപത്തിഅയ്യായിരം രൂപാ മാത്രം) എന്നിവയിന്മേലുള്ള ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

...........4

2446

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, കീഴല്ലൂർ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ